പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 117 — 04-02-2013 -ൽ മറുപടിക്ക്.

## അബ്കാരി കേസുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഉമ്മർ | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) അബ്കാരി കേസുകളുടെ ഭാഗമായി എടുക്കുന്ന സാമ്പിളുകൾ പരിശോധിക്കുന്നതിന് മൊബൈൽ ലിക്വർ ടെസ്റ്റിംഗ് ലബോറട്ടറി സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ; | (എ) തിരുവനന്തപുരം ജില്ലയിൽ ഒരു മൊബൈൽ ലിക്വർ ടെസ്റ്റിംഗ് ലബോറട്ടറി സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ടി ലബോറട്ടറി പ്രവർത്തനസജ്ജമാക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |
| (ബി) അബ്കാരി കേസുകളിൽ പിടിച്ചെടുത്ത വാഹനങ്ങളും തൊണ്ടി സാധനങ്ങളും വേഗത്തിൽ ഡിസ്പോസ് ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ; | (ബി) അബ്കാരി കേസുകളിൽ പിടിച്ചെടുക്കുന്ന വാഹനങ്ങൾ,DEC മുമ്പാകെ ഹാജരാക്കുകയും, ഉടമയ്ക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകി മറുപടി ആരായുകയും, തുടർന്ന് കേസിന്റെ അന്വേഷണ റിപ്പോർട്ട്, തൊണ്ടി മുതലിന്റെ രാസപരിശോധനാ ഫലം, ഫോറൻസിക് റിപ്പോർട്ട് എന്നിവ ലഭ്യമാക്കി, വാഹനം സർക്കാരിലേക്ക് കണ്ടുകെട്ടേണ്ടതായി ബോധ്യപ്പെട്ടാൽ അത്തരം വാഹനങ്ങൾ നിയമാനുസരണം അബ്കാരി ആക്ട് സെക്ഷൻ 67 (ബി) പ്രകാരം കണ്ടുകെട്ടി പരസ്യ ലേലം നടത്തി ലേല തുക സർക്കാർ ഖജനാവിലേക്ക് ഒടുക്കി വരുന്നു. കണ്ടുകെട്ടലിനെതിരെ അപ്പീൽ സമർപ്പിക്കുന്ന കേസുകളിൽ, 67 (ഇ) പ്രകാരവും, തുടർന്ന് റിവിഷൻ ഫയൽ ചെയ്യുന്ന കേസുകളിൽ, 67 (എഫ്) പ്രകാരവും നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ, അബ്കാരി കേസുകളിൽ പിടിച്ചെടുക്കുന്ന തൊണ്ടി സാധനങ്ങൾ ഡിസ്പോസ് ചെയ്യുന്നതിന് അബ്കാരി ആക്ട് 53 (എ) പ്രകാരം, ബന്ധപ്പെട്ട കോടതിയുടെ അനുമതിയോടെ, സ്പിരിറ്റ് തുടങ്ങിയവ അടിയന്തിരമായി ഡിസ്പോസ് ചെയ്യുന്നു. |
| (സി) മദ്യം വിൽക്കുന്നതിനും വാങ്ങുന്നതിനും പ്രായപരിധി ഉയർത്തിക്കൊണ്ടുള്ള സർക്കുലറുകളോ ഉത്തരവുകളോ പുറപ്പെടുവിച്ചിട്ടുണ്ടോ; പകർപ്പ് ലഭ്യമാക്കുമോ? | (സി) പ്രായപരിധി 18-ൽ നിന്ന് 21 ആയി ഉയർത്തുന്നതിന് തീരുമാനിച്ചു കഴിഞ്ഞു. ഇക്കാര്യത്തിൽ നിയമ ഭേദഗതിക്കുള്ള ബിൽ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ആഫീസർ